## അഭിനന്ദനങ്ങൾ

41-ാം ലക്കം കിട്ടി. വർഷങ്ങളായി അന്വേഷിച്ചിരുന്ന ഒരു കുട്ടായ്മയുടെ വചനം കേരളീയത്തിൽ കണ്ടെത്തുന്നതിൽ സന്തോഷം. നല്ല ദിശാബോധം പ്രസക്തിയേറിയ വിഷയങ്ങൾ! കലക്കുന്നുണ്ട്. വരിസംഖ്യ അയക്കുന്നു.

പി.ടി.ജേക്കബ്
ധോനി, പാലക്കാട്.

## ക്ലോറിനേഷനെപ്പറ്റി

പ്രിയപ്പെട്ട പത്രാധിപർക്ക്,

എലിപ്പനിയുടെ പേര് പറഞ്ഞ് നാട്ടുനീളെ കിണറുകൾ ക്ലോറിനേറ്റ് ചെയ്യാൻ ആരോഗ്യവകുപ്പ് നിർദ്ദേശം നൽകിയിരിക്കുകയാണ്. പല പഞ്ചായത്തുകളും ഇത് ദ്രുതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

ജലാശയങ്ങൾ മലിനമാകാതെ സൂക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുവാനോ അഴുക്കുചാലുകൾ കാര്യക്ഷമമാക്കുവാനോ വേണ്ടത്ര ശുഷ്കാന്തി കാണിക്കാതെ കുടിവെള്ളത്തിൽ ക്ലോറിൻ എന്ന വിഷവസ്തു കലക്കി അതിനു ശുദ്ധീകരണം എന്ന് പേരുവിളിക്കുന്നു.

പല രാജ്യങ്ങളിലും നിരോധിച്ചിട്ടുള്ള രാസവസ്തുക്കൾ അണുകീടനാശിനീ രൂപത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന നമ്മുടെ നാട്ടിൽ അവയുടെ ദൂഷ്യങ്ങൾ വളരെ വൈകിയാണ് ജനങ്ങൾ മനസ്സിലാക്കാറുള്ളത്. കാസർഗോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ തളിച്ച എന്റോസൾഫാൻ എന്ന വിഷവസ്തു വർഷങ്ങളോളം ഉപയോഗിച്ചശേഷം ഇപ്പോൾ ചർച്ചാവിഷയമായിരിക്കുകയാണല്ലോ.

രോഗാണുനാശനത്തിന്റെ പേരിൽ കുടിവെള്ളത്തിൽ ക്ലോറിൻ തളിക്കുമ്പോൾ മനുഷ്യശരീരത്തിനാവശ്യമായതും വെള്ളത്തെ വെള്ളമായി നിലനിർത്തുന്നതുമായ ജീവാണുക്കൾ നശിച്ചുപോകുമെന്ന് സാമാന്യബുദ്ധികൊണ്ട് ഊഹിക്കാം. ആധികാരിക കേന്ദ്രങ്ങളിലൂടെ അതിന്റെ ദോഷവശങ്ങൾ പുറത്തുവരാൻ കുറെകാലം പിടിക്കുമെന്നു മാത്രം. നമ്മുടെ നീരൊഴുക്കുകൾ മലിനമാകാതെ സൂക്ഷിക്കാൻ ആവശ്യമായത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിർബന്ധിത ക്ലോറിനേഷൻ എന്ന ഉപദ്രവം നിർത്തുകയെങ്കിലും ചെയ്താൽ നന്നായിരുന്നു.

ജയരാജൻ
തലക്കുളത്തൂർ.

## കത്തുകൾ - അറിയിപ്പുകൾ
### കേരളീയം, തൃശ്ശൂർ-21

## നീതി എവിടെ ?

പോലീസ് കായികമേളയിൽ വനിതാപോലീസിന്റെ പോയിന്റ് ഒഴിവാക്കുന്നതു ചോദ്യം ചെയ്ത വനിതാ കോൺസ്റ്റബിൾ വിനയക്ക് കൈവിലങ്ങ് സമ്മാനിച്ചതാണോ നീതി പാലനം ? പോലീസ് കസ്റ്റഡിയിലും വിനയയോട് വിവേചനം കാണിച്ച പോലീസുകാർ നീതിപാലകരോ ? നീതിക്കുവേണ്ടി പോരാടി കുറ്റവാളിയാകേണ്ടി വരുന്ന വിനയാ, ഞങ്ങൾ നിനക്കൊപ്പം.

ചേതന, തൃശ്ശൂർ.

## തൃശ്ശൂരിന്റെ ചരിത്രം തയ്യാറാക്കുന്നു

'തൃശ്ശൂർ സംസ്കൃതി' തൃശ്ശൂരിന്റെ സാംസ്കാരിക ചരിത്രം തയ്യാറാക്കുന്നതിന് ശ്രമമാരംഭിച്ചു. തൃശ്ശൂരിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകൾ, ഭരണസംവിധാനത്തിലും സമൂഹത്തിലും ഉണ്ടായ മാറ്റങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസം, സാഹിത്യം, സ്പോർട്സ്, കല, സംഗീതം, രാഷ്ട്രീയ ബഹുജന മുന്നേറ്റങ്ങൾ എന്നിവയെക്കുറിച്ചെല്ലാമുള്ള പഴയതും പുതിയതുമായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് കഴിവതും സമഗ്രമായ ഒരു ഗ്രന്ഥമാണ് 'സാംസ്കാരിക ചരിത്രം' കൊണ്ട് വിഭാവനം ചെയ്യുന്നത്. തൃശ്ശൂരിനെക്കുറിച്ചുള്ള കേട്ടറിവുകൾ, നേരിട്ടറിയുന്ന വസ്തുതകൾ, പഴയകാല പ്രസിദ്ധീകരണങ്ങളിൽ നിന്നു ലഭ്യമായ വിവരങ്ങൾ, പൂർവകാല രേഖകൾ, പൂർവകാല ചിത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നവർക്കൊക്കെ ഈ സംരംഭത്തിൽ സഹകരിയ്ക്കാം. ഇക്കാര്യത്തിനുവേണ്ടി ആരെയെങ്കിലും സമീപിയ്ക്കാനുള്ള നിർദ്ദേശങ്ങളും ആകാം. ഇത്തരം വിവരങ്ങളും രേഖകളുടെ കോപ്പികളും ചിത്രങ്ങളും മറ്റും കൈവശമുള്ളവർ ഏപ്രിൽ 15നു മുമ്പായി പ്രൊഫ.എം.മാധവൻകുട്ടി, ശ്രീപാദം, ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ-1 എന്ന വിലാസത്തിൽ അയച്ചുതരണമെന്ന് താല്പര്യപ്പെടുന്നു.